# സെന്റ് പോൾസ് യു.പി. സ്കൂൾ,
# പട്ടാഴി

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

പടവുകൾ 2025-26

## ആമുഖം.

ആദ്യകാലങ്ങളിൽ പട്ടാഴി ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന മെതുകുമ്മേൽ എന്ന പ്രദേശത്ത് സാധാരണക്കാരായി ജീവിക്കുന്ന ജനങ്ങൾക്ക് വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം സനാന (ദലിലി) മിഷൻ സ്കൂളിൽ അധ്യാപകനായിരുന്ന ചെങ്ങന്നൂർ കോടുകുളഞ്ഞി സ്വദേശി ശ്രീ. എം.ജെ. ജോൺ (സീനിയർ) 1924ൽ സെന്റ് പോൾസ് സ്കൂൾ എന്ന സരസ്വതീക്ഷേത്രം ആരംഭിച്ചു. ശ്രീ. എം.ജെ. ജോൺ അദ്ദേഹത്തിന്റെ മരണം വരെയും ആദ്യം അധ്യാപകനായും പിന്നീട് മാനേജരായും പ്രവർത്തിച്ചു. മൂന്നേക്കർ സ്ഥലസൗകര്യമുള്ള ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് പിന്നാക്ക മേഖലയായ പത്തനാപുരം-ഏനാത്ത് റോഡ്സൈഡിൽ മെതുകുമ്മേൽ എന്ന സ്ഥലത്താണ്. ആദ്യം ഇത് ഹൈസ്കൂളായി പ്രവർത്തിച്ചിരുന്നു. ഈ വിദ്യാലയത്തിന് കളിസ്ഥലങ്ങളും അസംബ്ലിഗ്രൗണ്ടും കിണറും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. ഈ സ്കൂളിലെ കുട്ടികൾക്ക് അറബിക് കലോത്സവത്തിന് ഒന്നാം സ്ഥാനവും സംസ്കൃതോത്സവത്തിനും ജനറൽ വിഭാഗമത്സരങ്ങൾക്കും മികച്ച നേട്ടങ്ങൾ കുളക്കട സബ്-ജില്ലയിൽ നേടാൻ കഴിഞ്ഞു. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്വിസ് മത്സരങ്ങളിലും ഉന്നതശ്രേണിയിൽത്തന്നെ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് എത്താൻ കഴിഞ്ഞു. U.S.S. പരീക്ഷയുടെ മുന്നൊരുക്കം എന്ന നിലയിൽ പരിശീലനക്ലാസ്സുകൾ നൽകിവരുന്നു.

ഇത്രയൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും ഭൗതികസാഹചര്യങ്ങളൊരുക്കുന്നതിൽ ഈ വിദ്യാലയം പിന്നാക്കം നിൽക്കുന്നു. എങ്കിലും അടുത്ത വർഷങ്ങളിൽ

അക്കാദമികതലത്തിൽ ഓരോ കുട്ടിയും പരമാവധി ലക്ഷ്യങ്ങൾ കൈവരിച്ച് ഓരോ ഉത്തമ പൗരനാകുവാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ജൈവവൈവിധ്യങ്ങളെ നിലനിർത്തുന്നതും തികച്ചും പാരിസ്ഥിതികവുമായ ഒരന്തരീക്ഷം നിലനിർത്തുന്നതിനും ജലസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കും. ഭൂരിഭാഗവും കൂലിപ്പണിക്കാരും കൃഷിപ്പണിക്കാരും കശുവണ്ടിത്തൊഴിലാളികളുമാണ്. ഇതിനോടകം നിരവധി വ്യക്തികൾക്ക് അക്ഷരജ്ഞാനം പകർന്നു നൽകി ഉന്നതശ്രേണിയിൽ എത്തിക്കുന്നതിന് ഈ സരസ്വതിക്ഷേത്രത്തിന് സാധിച്ചിട്ടുണ്ട്.

മാസ്റ്റർ പ്ലാൻ രൂപീകരണത്തിനു മുന്നോടിയായി SRG കൂടി വരും വർഷങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു. തുടർന്ന് PTA, MPTA, SSG കമ്മറ്റിയുടെ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ മാസ്റ്റർ പ്ലാൻ രൂപീകരണം ചർച്ച ചെയ്തു.

# അവസ്ഥാ വിശകലനം.

ഈ സ്കൂളിൽ 5, 6, 7 ക്ലാസ്സുകളിലായി ആകെ 143 കുട്ടികൾ ഉണ്ട്. കുട്ടികളുടെ എണ്ണം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| 2025 - 2026 | | | |
|---|---|---|---|
| Std | Boys | Girls | Total. |
| V | 20 | 29 | 49 |
| VI | 20 | 33 | 53 |
| VII | 24 | 17 | 41 |
| Total. | 64 | 79 | 143 |

| | SC | | | OBC | | | OEC | | | General. | | |
|---|---|---|---|---|---|---|---|---|---|---|---|---|
| Std | B | G | Total | B | G | Total | B | G | Total | B | G | Total |
| V | 6 | 6 | 12 | 4 | 17 | 21 | 4 | 2 | 6 | 6 | 4 | 10 |
| VI | 4 | 12 | 16 | 9 | 11 | 20 | 4 | 3 | 7 | 3 | 7 | 10 |
| VII | 5 | 2 | 7 | 8 | 9 | 17 | 6 | 3 | 9 | 5 | 3 | 8 |

# TEACHER'S DETAILS

1. LEKHA .S - Headmistress
2. MINI GEORGE - UPST
3. SHEEJA GEORGE - UPST
4. PRATHAPAN .B - UPST
5. PRESANNA .S - UPST
6. SINI P GEORGE - UPST
7. RESMI .P - Sanskrit Teacher
8. SUMAYYA .B - Arabic Teacher
9. RANI PRIYADERSINI V - Hindi Teacher

# കാഴ്ചപ്പാട്

## (1) പൂർണ്ണ വിദ്യഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

(വിദ്യാലയം പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസം എന്തെല്ലാം കഴിവുകൾ വികസിപ്പിക്കും)

മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്നതലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കും. അവസരതുല്യത, സാമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും വികസിക്കും. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ്മുറികളും ഹൈടെക് ആക്കും. സമഗ്ര ഗുണമേന്മാ വിദ്യാലയ ആസൂത്രണം സാധ്യമാകും. ക്ലാസ്സ്മുറികൾ സ്മാർട്ട് ആകും. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസത്തിലൂടെ കേരളം അനന്യമാതൃക സൃഷ്ടിക്കും. മുഴുവൻ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാനം നിലവിൽവരും. കാമ്പസ്തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാൽക്കരിക്കും.

## (2) പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

(എത്തരം പഠനരീതിയായിരിക്കും ഭാവിയിൽ പിന്തുടരുക)

നമ്മുടെ നാട്ടിൽ നിലവിലുള്ള വിദ്യാഭ്യാസരീതിയുടെ ഗുണവശങ്ങൾ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസകാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങളിലെ പഠനരീതി, ഉള്ളടക്കം, മൂല്യനിർണ്ണയരീതി, അധ്യാപക പരിശീലനം എന്നിവയിലെ സ്വീകാര്യമായ ഘടകങ്ങൾ ഉൾച്ചേർത്ത് ഉള്ള പഠനമായിരിക്കും ഭാവിയിൽ ഉണ്ടാവുക.

മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തും. അധ്യാപക പരിശീലനത്തിന് സമയബന്ധിതമായ ഹ്രസ്വകാല-ദീർഘകാല പാക്കേജ് തയ്യാറാക്കും. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കും.

പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാനും വികസിപ്പിക്കാനും ഉതകുന്ന രീതിയിലുള്ള പഠനമായിരിക്കും ഭാവിയിൽ ഉണ്ടാവുക.

(3) **വിലയിരുത്തലിനെക്കുറിച്ചുള്ള കാഴ്ചപ്പാട്**

(ഏതൊക്കെ വിധത്തിലുള്ള വിലയിരുത്തൽ പ്രക്രിയ സ്വീകരിക്കും? അതെങ്ങനെ ഓരോ കുട്ടിയുടെയും പഠനനേട്ടത്തെ ഉറപ്പാക്കും)

പഠനത്തിലൂടെ നേടിയ ആശയങ്ങളെയും ധാരണകളെയും സ്വയം വിമർശനാത്മകമായി പരിശോധിക്കുകയും മാറ്റങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു തിരുത്തൽ പ്രക്രിയ ഉണ്ട്. ഇതിനെ സ്വയം വിലയിരുത്തലായി കരുതാം. ഇപ്രകാരം സ്വയം നിർവഹിക്കുന്ന വിലയിരുത്തലിലൂടെയും പഠനം സാധ്യമാകുന്നു. ഇതിനെ വിലയിരുത്തൽ പഠനം എന്നു പറയാം. പഠനംകൂടുതൽ കാര്യക്ഷമമായി നിർവഹിക്കണമെങ്കിൽ പഠനത്തിനായുള്ള വിലയിരുത്തൽ, വിലയിരുത്തൽ തന്നെ പഠനം എന്നിവയ്ക്കു കൂടുതൽ ഊന്നൽ നൽകണം. അത്തരത്തിൽ പഠനം ഫലപ്രദമാകുന്നതിനുള്ള വിലയിരുത്തൽ പ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്ന സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത്. ആയതിനാൽ പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന വിലയിരുത്തൽ സമീപനമാണ് സ്വീകരിക്കേണ്ടത്. പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകി രൂപപ്പെടുത്തുന്ന പഠന പ്രവർത്തനങ്ങളിൽ പഠിതാവിന്റെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

4. **പാരിസ്ഥിതിക അവബോധത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.**

(കാമ്പസ് പാഠപുസ്തകമാക്കുന്നതിലൂടെയും പ്രകൃതിപഠനത്തിലൂടെയും എന്തെല്ലാം നിലപാടുകളും കാഴ്ചപ്പാടുകളുമുള്ള കുട്ടികളെയാണ് വിഭാവനം ചെയ്യുന്നത്)

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസപരിസര സാധ്യതകൾ പ്രയോജനപ്പെടുത്താനും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമാക്കി വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ ഉണ്ടാക്കി എടുക്കാനാണ് ഇത് വിഭാവനം ചെയ്യുന്നത്.

5. **പെൺകുട്ടികളുടെ പദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട്.**

പാഠ്യപദ്ധതി ലിംഗസമത്വവും, ലിംഗനീതിയും ഉറപ്പാക്കുന്നതായിരിക്കണം. ആൺ-പെൺ വിവേചനം പാഠ്യപദ്ധതിയിൽ കടന്നുവരാൻ പാടില്ല. പാഠപുസ്തകങ്ങളിലെ ചിത്രങ്ങളിൽപ്പോലും ലിംഗനീതിയുടെ കാഴ്ചപ്പാടുകൾ ഉണ്ടാവേണ്ടതുണ്ട്. പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുമ്പോൾ ലിംഗനീതി ഉറപ്പാക്കേണ്ടത് അധ്യാപകരുടെ കടമയാണ്.

### 6. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മക്കളുടെ പഠനപിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്.

സാമൂഹികവും കുടുംബപരവും സാമ്പത്തികവുമായ കാരണങ്ങളാൽ പഠനം നിർത്താൻ നിർബന്ധിതരായ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരം ഉണ്ടാക്കുവാനും പ്രാദേശിക സംവിധാനങ്ങൾ ഏർപ്പെടുത്തും. ആദിവാസിമേഖലയിൽ അവരുടെ ഭാഷയും സംസ്കാരവും പരിഗണിക്കുന്ന പഠനോപാധികൾ തയ്യാറാക്കും. അവരുടെ സവിശേഷമായ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള കൂട്ടായ്മ വികസിപ്പിക്കും.

### 7. പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള വിദ്യാലയ സമീപനം.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും പഠന പ്രയാസങ്ങൾ നേരിടുന്നവർക്കും പ്രത്യേകം പഠന ആവശ്യങ്ങളുണ്ട്. ഇവർക്കു വേണ്ടി സവിശേഷശ്രദ്ധയും പരിഗണനയും നൽകുകയും എല്ലാവിഭാഗം കുട്ടികളെയും ഉൾക്കൊള്ളാൻ കഴിയുംവിധം സ്കൂൾ പ്രവർത്തനങ്ങളെയും ഭൗതിക സാഹചര്യങ്ങളെയും ശാസ്ത്രീയമായി പരിഗണിക്കേണ്ടതുണ്ട്. റിസോഴ്സ് അധ്യാപകരുടെയും മറ്റു വിദഗ്ദ്ധരുടെയും സഹായം ഉറപ്പാക്കൽ, റെമഡിയൽ ടീച്ചിംഗ്, കുട്ടിയുടെ പഠനം പരിരക്ഷ എന്നീ കാര്യങ്ങൾ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കൽ എന്നിവ നൽകാം.

### 8. രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്.

കുട്ടിയെ കൂടുതൽ അറിയുന്നതിന് അവരുടെ രക്ഷാകർത്താക്കളുമായി നല്ല ബന്ധം പുലർത്തേണ്ടതുണ്ട്. അധ്യാപകരും രക്ഷാകർത്താക്കളുമായുള്ള സ്നേഹ സമ്പൂർണ്ണമായ ബന്ധം കുട്ടിയെ അധ്യാപകരുമായി അടുപ്പിക്കുന്നു.

വളർച്ചയുടെ ഘട്ടത്തിൽ കുട്ടികൾക്കു സംഭവിക്കുന്ന പിഴവുകൾകൂടി രക്ഷിതാക്കളുമായി പങ്കുവയ്ക്കുന്നത് വലിയ ദുരന്തങ്ങൾ ഒഴിവാക്കുന്നതിനു സഹായകമാകും.

### 9. അധ്യാപക ശാക്തീകരണം സംബന്ധിച്ച കാഴ്ചപ്പാട്.

പൊതുവിദ്യാഭ്യാസം ഗുണമേന്മയിലും സാമൂഹിക നീതിയിലും അധിഷ്ഠിതമായി പുനർനിർമ്മിക്കുന്നതിന് അനുഗുണമായ രീതിയിൽ അധ്യാപകരെ സമഗ്രമായി പരിശീലിപ്പിക്കും. സംസ്ഥാനത്ത് കാഴ്ചപ്പാടും വൈദഗ്ദ്ധ്യവുമുള്ള അധ്യാപക പരിശീലനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയുന്ന റിസോഴ്സ് ടീമിനെ സജ്ജ

മാക്കും. ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ, ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങിയവയെ അധ്യാപക പരിശീലനവുമായി ബന്ധിപ്പിക്കും. ഓരോ വർഷത്തെയും പരിശീലനാവശ്യങ്ങൾ ശാസ്ത്രീയമായി നിർണ്ണയിക്കും.

### 10. ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും നിലവാരവും.

വിവര കൈമാറ്റത്തിന് അനേകം സംവിധാനങ്ങൾ നിലവിലുണ്ട്. ഈ കൂട്ടത്തിൽ ഏറെ പ്രയോജനകരമായ ഒന്നാണ് എ.സി.റ്റി.യുടെ ഉപയോഗം. കുട്ടികൾ പലതരത്തിൽ ഇതിന്റെ സങ്കേതങ്ങൾ ഏറിയും കുറഞ്ഞും അറിയുന്നവരാണ്. ഈ അറിവിനെ ക്ലാസ്സ്റൂം പഠനത്തിനു പ്രയോജനപ്പെടുത്തേണ്ടതാണ്. പഠനം ആയാസരഹിതവും ആഹ്ലാദരഹിതവുമായി മാറ്റാൻ ഇതിനു കഴിയും.

### 11. കുട്ടികളുടെ മാനസിക വൈകാരിക അവസ്ഥയും പഠനവും.

കുടുംബഘടനയിലും ജീവിതരീതിയിലും വന്ന മാറ്റങ്ങൾ, അണു കുടുംബങ്ങളിൽ കുട്ടികൾക്കു ലഭിക്കുന്ന അമിതപരിരക്ഷ, കൗമാരപ്രായത്തിൽ സ്വാഭാവികമായുണ്ടാകുന്ന അന്തഃസംഘർഷങ്ങളെ മറികടക്കാൻ ആവശ്യമായ സ്വയംപ്രതിരോധശേഷികളുടെ അഭാവം, ആധുനിക സാങ്കേതിക വിദ്യകളിൽ അന്തർലീനമായിട്ടുള്ള പ്രശ്നങ്ങൾ, ശരിയായ ലൈംഗിക വിദ്യാഭ്യാസത്തിന്റെ അഭാവം, കുട്ടികളുടെ കഴിവിനെയും മികവിനെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ സംവിധാനങ്ങൾ കാട്ടുന്ന വിമുഖത ഇതെല്ലാം കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും ഇടയാക്കും. ഈയൊരവസ്ഥയെ തരണം ചെയ്യാൻ ആവശ്യമായ കൗൺസിലിംഗ് സൗകര്യങ്ങൾ സ്കൂളുകളിൽ ഉണ്ടാവണം.

## 5.1 പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടെയും എല്ലാ വൈഭവങ്ങളും അതിന്റെ പൂർണ്ണതയിലേക്ക് വികസിപ്പിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽത്തന്നെ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- കുട്ടികളിൽ പരസ്പരാശ്രയത്വത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.
- മൂന്നു ഭാഷകളിലെങ്കിലും മികച്ച ആശയവിനിമയശേഷി വളർത്തുക.
- കുട്ടികളിൽ ക്രിയാത്മകതയും യുക്തിബോധവും വിമർശനാത്മകചിന്തയും വികസിപ്പിക്കുക.
- പഠനശേഷിയും പഠനമനോഭാവങ്ങളും വളർത്തുക.
- മതേതര ജനാധിപത്യബോധമുള്ള പൗരന്മാരായി വളർത്തുക.
- നമ്മുടെ സംസ്കാരത്തിനു യോജിച്ച മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.
- എല്ലാത്തരം വിവേചനങ്ങൾക്കും എതിരായ മനോഭാവം വളർത്തുക.
- പാരിസ്ഥിതിക അവബോധം വളർത്തുക.
- ശാസ്ത്രചിന്ത വളർത്തുക.
- തുല്യതയ്ക്കും ഗുണതയ്ക്കും ഊന്നൽ നൽകും.
- സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും അവന്റെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒരു തൊഴിലെങ്കിലും സ്വായത്തമാക്കും.
- കലാ-കായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച്

ദേശീയ - അന്തർദേശീയ തലങ്ങളിൽ മികവു തെളിയിക്കുന്നതിനുള്ള അവസരങ്ങളൊരുക്കും.

- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കും.

അഞ്ചു മുതൽ ഏഴുവരെ ക്ലാസ്സുകളിലേക്കുള്ള വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസ്സിലും ഓരോ കുട്ടിക്കും കരിക്കുലം വിഭാവനം ചെയ്യുന്ന ആശയ ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.

- ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി.
- ലാബ് ശാക്തീകരണത്തിനുള്ള പദ്ധതി.
- കമ്പ്യൂട്ടർ ലാബ് വികസനം - ഐ.സി.റ്റി. സാധ്യതകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി.
- ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി.

(ഓരോ ക്ലാസ്സിലെയും പഠനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുംവിധം സസ്യലതാദികൾ, ജീവികൾ, ആവാസ വ്യവസ്ഥകൾ എന്നിവയുടെ ചെറുരൂപങ്ങൾ വികസിപ്പിക്കണം)

- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ, ചരിത്രാന്വേഷണം, പ്രാദേശിക വിഭവ ഭൂപടം രൂപീകരിക്കൽ എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ഓരോ വിഷയത്തിലും (അനുയോജ്യമായവ)

- നിർമ്മാണ പ്രവർത്തനങ്ങൾ
- സ്വാശ്രയശീലം വളർത്തുന്നതിലുള്ള പ്രവർത്തനങ്ങൾ

- 'വിമുക്തി' - ലഹരി വിമുക്ത ക്യാമ്പസ് - സമൂഹം
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ
- ഗ്രീൻ പ്രോട്ടോകോൾ (പ്ലാസ്റ്റിക് രഹിത - മാലിന്യ മുക്ത ക്യാമ്പസ്) പ്രവർത്തനങ്ങൾ.
- വ്യക്തി - പരിസരശുചിത്വ പ്രവർത്തനങ്ങൾ.
- സേവന പ്രവർത്തനങ്ങൾ - ആശ്രിതർക്കൊരു കൈത്താങ്ങ് പോലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ ഉണ്ടാകും.
- കുട്ടികൾ ഇഷ്ടപ്പെടുന്ന സ്കൂൾ ഇടങ്ങൾ പ്രായോഗികമാക്കാനുള്ള പദ്ധതികൾ ഉണ്ടാവും.
- വിശ്രമസ്ഥലങ്ങൾ ആകർഷകവും ശിശുസൗഹൃദവും ആക്കൽ.
- ടാലന്റ് ലാബ് പ്രാവർത്തികമാക്കാനുള്ള പദ്ധതികൾ ഉണ്ടാകും.
- കുട്ടികളുടെ ശാരീരിക - മാനസിക ആരോഗ്യവികസനത്തിനുള്ള പദ്ധതികൾ ഉണ്ടാകും.
- ഭിന്നശേഷിക്കാരെ ഉൾക്കൊള്ളിച്ചുള്ള വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ ഉണ്ടാകും.
- പുതിയ വെല്ലുവിളികൾ മറികടക്കുന്നതിനുള്ള അധ്യാപക ശാക്തീകരണത്തിനുള്ള പദ്ധതികൾ ഉണ്ടാകും.

# മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം-അധ്യാപകർ | |
| | ഭാഷാകേളി:<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | വാക്കുകളിൽനിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം | ജൂൺ. | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | വാർത്താലോകത്തേക്ക്.<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും. | മലയാളം അധ്യാപകർ. | |
| | വാർത്ത വായന.<br>നവമാധ്യമങ്ങളുടെ സഹായത്താൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിദിനം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ ആറുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം / മുഖാമുഖം.<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടുപ്രാവശ്യം | എച്ച്.എം., മലയാളം അധ്യാപകർ | |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | ഇ-കമ്പ്യൂട്ടറിംഗ്.<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം ഐ.ടി അധ്യാപകർ | |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം.<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | സ്കൂൾ, പി.ടി.എ | സ്കൂൾ |

# അറബിക്

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ക്ലാസ് | കാലയളവ് | നിർവ്വഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | അറബി അക്ഷരങ്ങളും പദങ്ങളും അടങ്ങിയ വായനാകാർഡുകൾ നൽകി കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കുന്നു | 5, 6, 7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക | |
| 2. | അടിസ്ഥാന പരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | അറബി വാക്കുകൾ കേൾക്കാൻ ICT സാധ്യത പ്രയോജനപ്പെടുത്തുകയും പദങ്ങൾ ഉറപ്പിക്കുന്നതിനായി നിരന്തര പദപ്പയറ്റുകൾ നടത്തുകയും ചെയ്യുന്നു. | 5, 6, 7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക. | |
| 3. | അറബിയിലെ പദ്യങ്ങൾ തെറ്റ് കൂടാതെ വായിക്കാനുള്ള ശ്രമം | ചിത്രകഥകൾ ചെറുകഥ പദ്യങ്ങൾ എന്നിവ. പ്രയോജനപ്പെടുത്തുക. | 5, 6, 7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക | |

| ക്ര.ന. | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ക്ലാസ് | കാലയളവ് | നിർവ്വഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | അറബി വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ ലളിതവഴി പരിചയപ്പെടുത്തുക. | ചെറു വ്യാകരണ ഗ്രന്ഥങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കൽ. | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക. | |
| 5 | കലോത്സവത്തിനായി കുട്ടികൾക്ക് കലാരൂപങ്ങൾ പരിചയപ്പെടുത്തുക | ഭാഷാപഠനം കലാപരിചയം | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക | |

# ENGLISH

| Objectives | Activities | Class | Duration | Duty . |
|---|---|---|---|---|
| • To encourage Listening and create interest in English language | Use of ICT (e-cube English)<br>Level 3 - Class V, VI<br>Level 4 - Class VII<br>Listening Comprehension exercises using audio stories and answering Comprehensive questions.<br>Introduce different genres.<br>For CWSN students colouring the picture, drawing and picture stories can be given. | V, VI, VII | June - March. | English teachers. |
| • Enhance vocabulary and listening skills. | Vocabulary games and exercises to build word knowledge, develop stories from pictures, drag and drop the word, audio recording and video recording activities. | | | |
| • To encourage Speaking skills. | Group discussion and role-play for various contexts. | | | |

| Objectives | Activities | Class | Duration | Duty. |
|---|---|---|---|---|
| | Sentence making - Giving word cards and making sentences using the words. | | | |
| • To develop Communication skills. | Various contexts are given to develop communication skills. | | | |
| • To encourage Reading | Reads the Comprehension passage and answer the questions. Students are grouped and provided with age-appropriate texts such as short stories or excerpts from novels. Each group reads the assigned text together and discusses key elements like plot, characters and themes. Students take turns reading aloud and share their interpretations and reactions to the text. After discussion each group presents a summary. | V, VI, VII | June-March | English teacher |

| Objectives | Activities | Class | Duration | Duty |
|---|---|---|---|---|
| • To understand the script in a better way and analyse it critically. | Readers Theatre : The joint dramatic reading in groups. | | | |
| • To use English language easily. | English Assembly and English Club Presentation of rhymes, poems, stories, riddles, quiz, delivering speeches etc. | V, VI, VII | June-March | English teachers |
| • To develop Writing skills and develop basic grammar rules focusing on sentence-structure. | Writes all the discourses individually, refines them in groups and present it well. Magazine preparation : Prepares magazines including all the discourses. | | | |

# ഹിന്ദി

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ക്ലാസ്സ് | കാലയളവ് | നിർവ്വഹണ ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുന്നു. | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കുക. | 5,6,7 | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| 2 | ഹിന്ദി വായന-ത്തോട് കൂടെ ഹിന്ദി വായിക്കാനുള്ള പരിശ്രമം | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക. ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി എന്നിവ കാണിക്കുക. | 5,6,7 | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| 3 | അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും അടങ്ങിയ വായന കാർഡുകൾ നൽകി അക്ഷരങ്ങളും വാക്കുകളും വായിപ്പിക്കുക. | എല്ലാ കുട്ടികളും ഭാഷാ പഠനത്തിന് താത്പര്യം ഉള്ളവരാക്കുക. | 5,6,7 | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |

| ക്രമ നം | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ക്ലാസ്സ് | കാലയളവ് | നിർവ്വഹണ ചുമതല | റിമാർക്ക് |
|---|---|---|---|---|---|---|
| 4 | ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയ പെടുത്താം. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. | 5, 6, 7 | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |

# സംസ്കൃതം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ക്ലാസ് | കാലയളവ് | നിർവ്വഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്ക് അനുസരിച്ചുള്ള പഠനപ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | എല്ലാ കുട്ടികളെയും ഭാഷാപഠനത്തിൽ താത്പര്യം ഉള്ളവർ ആക്കുക. | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക. | |
| 2. | അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും അടങ്ങിയ വായനാകാർഡുകൾ നല്കി അക്ഷരങ്ങളും വാക്കുകളും വായിപ്പിക്കുന്നു. | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കുക. | 5, 6, 7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക. | |
| 3. | വായനാവാരത്തോട് ബന്ധപ്പെടുത്തി പുസ്തകം അധ്യാപിക പരിചയപ്പെടുത്തുന്നു. | വായനാഭിരുചി വളർത്തുക. കൂടുതൽ പുസ്തകങ്ങൾ വായിക്കുവാൻ പ്രചോദനം. | 5, 6, 7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക. | |

## സംസ്കൃതം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ക്ലാസ് | കാലയളവ് | നിർവ്വഹണ ചുമതല | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 4. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കുവാനുള്ള അവസരം ക്ലാസ് തലത്തിൽ കൊടുക്കുന്നു. | പ്രശ്നോത്തരി, മാഗസിൻ, കഥ, കവിത ഉപന്യാസം എന്നിവയുടെ പരിശീലനം, സൃഷ്ടി. | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപിക. | |
| 5. | സംസ്കൃത ദിനാചരണം സമുചിതമായ രീതിയിൽ സ്കൂളിൽ നടത്തുന്നു. | ക്വിസ് രൂപീകരണം സംസ്കൃതസന്ദേശം, സംസ്കൃത പ്രാർത്ഥന എന്നിവ അടക്കം കുട്ടികൾക്ക് നൽകുന്നു. | 5,6,7 | ജൂൺ മുതൽ ആഗസ്റ്റ് വരെ. | അധ്യാപിക | |
| 6. | കലോത്സവത്തിനായി അനുകൂല കുട്ടികൾക്ക് കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നു. | ഭാഷാ പഠനം കലാപരിചയം. | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക | |

## സംസ്കൃതം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ക്ലാസ് | കാലയളവ് | നിർവ്വഹണ ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 7. | മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം ക്ലാസ് തലത്തിൽ നല്കുന്നു. | സംസ്കൃത പ്രശ്നോത്തരി, സംസ്കൃത സ്കോളർഷിപ്പ് എന്നീ പരീക്ഷ പരിശീലനം. | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക. | |

# അക്കാദമിക മാസ്റ്റർപ്ലാൻ. അടിസ്ഥാനശാസ്ത്രം UP.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | <u>ജൈവവൈവിധ്യ പാർക്ക്.</u><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമാണം. | അക്കാദമിക വർഷം. | വിവിധ ക്ലബ്ബുകൾ. ശാസ്ത്രാധ്യാപകർ. | അധ്യാപകർ, ക്ലബ്ബ് അംഗങ്ങൾ. |
| | <u>പരീക്ഷണങ്ങൾ.</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | " | " | " |
| 2) ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ - കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | <u>മാസ്റ്റർ മൈന്റ്.</u><br>വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | " | " | " |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര.<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ. | അധ്യാപകർ, ക്ലബ് അംഗങ്ങൾ. |

# സാമൂഹ്യശാസ്ത്രം.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ക്ലാസ് | കാലയളവ് | നിർവ്വഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Pre-Test<br>ശിലായുഗം മുതൽ ആധുനികകാലം വരെയുള്ള കാലഘട്ടങ്ങൾ, നദികൾ, ഭൂപ്രകൃതിവൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാനമാക്കി Memory Test നടത്തുന്നു. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനആശയങ്ങൾ, അറിവുകൾ ഉറപ്പിക്കൽ. | 5, 6, 7 | June | S.S. ക്ലബ്ബ് | |
| 2. | ബാല പാർലമെന്റ്<br>സാമൂഹ്യശാസ്ത്രത്തിന്റെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | ജനാധിപത്യരീതികൾ മനസിലാക്കുന്നതിന് | 5, 6, 7 | July | S.S. ക്ലബ്ബ് | |
| 3. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്.<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | ജനാധിപത്യപരമായ ജീവിതസമീപനം ഉൾച്ചേർക്കുക | 5, 6, 7 | June to March | S.S. ക്ലബ്ബ് | |
| 4. | ചരിത്രാവബോധം സൃഷ്ടിക്കൽ<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ | കുട്ടികളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കൽ | 5, 6, 7 | June to March | S.S. ക്ലബ്ബ് | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ക്ലാസ് | കാലയളവ് | നിർവ്വഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| | ചരിത്രാവബോധം വളർത്തുന്നു. | ക്കു | | | | |
| 5. | ഫീൽഡ് ട്രിപ്പ് SRG യോഗം കൂടി ചർച്ച ചെയ്ത സ്ഥലം, തിയതി നിശ്ചയിക്കുന്നു. PTA കൂടി തീരുമാനം എടുക്കുന്നു. വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കൽ | കുട്ടികളുടെ സാമൂഹികവും സാംസ്കാരികവുമായ വളർച്ചക്ക്, വിദ്യാഭ്യാസം കൂട്ടാൻ സഹായകരമാകുന്നതിന്. | 5, 6, 7 | Oct, Nov, Dec. | S. S ടീച്ചേഴ്സ് | |
| 6. | ക്വിസ് മത്സരം സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ച് വിജ്ഞാനം വളർത്താൻ സഹായിക്കുന്ന മത്സരങ്ങൾ ക്ലാസ്തലത്തിൽ സംഘടിപ്പിക്കുന്നു | സാമൂഹ്യശാസ്ത്രവിഷയത്തിൽ പഠിതാക്കളെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നു. ചോദ്യവിജ്ഞാനത്തിലൂടെ മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നു. | 5, 6, 7 | June to March | S. S. ടീച്ചേഴ്സ് | |
| 7. | സെമിനാർ സാമൂഹ്യശാസ്ത്ര പാഠങ്ങളിലെ സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങൾ തെരഞ്ഞെടുത്ത്, റിപ്പോർട്ട് തയ്യാറാക്കൽ | സാമൂഹ്യാവബോധം വളർത്തുന്നു. സമൂഹവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അപഗ്രഥനവും നിഗമനരൂപീകരണവും | 5, 6, 7 | June to March | S.S. ടീച്ചേഴ്സ് | |
| 8. | My Social Collections Coins, Stamps, ചരിത്രരേഖകൾ, ആൽബം തയ്യാറാക്കൽ, ശേഖരണം. റിപ്പോർട്ട് തയ്യാറാക്കൽ | വിവരശേഖരണം, നിരീക്ഷണം, വിശകലനം, നിഗമനം രൂപപ്പെടുത്തൽ | 5, 6, 7 | June to March | S.S. ടീച്ചേഴ്സ് | |

കു. പി ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, വളപ്പൊട്ടുകൾ, മുത്തുകൾ, ഫ്ലാഷ് കാർഡ് .... എന്നിവ ഉപയോഗിക്കുന്നു. | ജൂൺമാസം | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസം. | ഒറിഗാമി ശില്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ. | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരുമുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും. | |
| ഗണിതം മധുരമാക്കൽ. | ഗണിത പാർക്ക്.<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരുപ്രാവശ്യം | ഗണിതക്ലബ്ബ്. | ഗണിത |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ. | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ. | |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ.ടി. സാധ്യതകളിലൂടെ.<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക്.<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ്. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ ആസൂത്രണം ചെയ്യുന്നു - | ആവശ്യാനുസരണം. | SRG. | |